**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 564** **17-09-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ ക്ലെയിമുകൾക്കുള്ള ബിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ വകുപ്പുകൾ ഉദ്യോഗസ്ഥർക്കായി അയ്യായിരം രൂപയ്ക്ക് മുകളിലുള്ള ക്ലെയിമുകൾക്ക് ബിൽ സമർപ്പിക്കുമ്പോൾ ഒരു രൂപയുടെ റവന്യൂ സ്റ്റാമ്പ് പതിച്ച് ഒപ്പു രേഖപ്പെടുത്തണമെന്ന മുൻകാലങ്ങളിലെ വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | അഞ്ഞൂറ് രൂപയ്ക്ക് മുകളിലുള്ള രസീതുകൾക്ക് ഈടാക്കിയിരുന്ന സ്റ്റാംമ്പ് ഡ്യൂട്ടി, കേന്ദ്രസർക്കാർ 2004 ലെ ഇൻഡ്യൻ ഫിനാൻസ് ആക്ട് പ്രകാരം 1899ലെ ഇൻഡ്യൻ സ്റ്റാംമ്പ് ആക്റ്റിൽ വരുത്തിയ ഭേദഗതി പ്രകാരം അയ്യായിരം രൂപയ്ക്ക് മുകളിലുള്ള രസീതുകൾക്ക് Rs.1/രൂപ സ്റ്റാംമ്പ് ഡ്യൂട്ടി ബാധകമാക്കി ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 2/06/2005ലെ സ.ഉ.(അച്ചടി) നം. 256/05/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ ഉദ്യോഗസ്ഥർക്കായി അയ്യായിരം രൂപയ്ക്ക് മുകളിലുള്ള ക്ലെയിമുകൾക്ക് ബിൽ സമർപ്പിക്കുമ്പോൾ ഒരു രൂപയുടെ റവന്യൂ സ്റ്റാമ്പ് പതിച്ച് ഒപ്പു രേഖപ്പെടുത്തണമെന്ന മുൻകാലങ്ങളിലെ വ്യവസ്ഥ മേൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കിയിട്ടില്ല. |
| (ബി) | സർക്കാർ ക്ലെയിമുകൾ പ്രകാരമുള്ള തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനാലും റവന്യൂ സ്റ്റാമ്പിന് കടുത്ത ദൗർലഭ്യം നേരിടുന്ന സാഹചര്യവും പരിഗണിച്ച് ഒരു രൂപയുടെ റവന്യൂ സ്റ്റാമ്പ് പതിച്ച് ഒപ്പു രേഖപ്പെടുത്തണമെന്ന മുൻകാലങ്ങളിലെ വ്യവസ്ഥ ഒഴിവാക്കിയുള്ള തീരുമാനം കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | 899ലെ ഇൻഡ്യൻ സ്റ്റാംമ്പ് ആക്ട് പട്ടിക ക്രമനമ്പർ 53 പ്രകാരം അയ്യായിരം രൂപയ്ക്ക് മുകളിലുള്ള രസീതുകൾക്കെല്ലാം ഒരു രൂപയുടെ റവന്യൂ സ്റ്റാംമ്പ് പതിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ നിലവിൽ സർക്കാർ ക്ലെയിമമുകൾ പ്രകാരമുള്ള തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനാൽ റവന്യൂ സ്റ്റാംമ്പ് പതിക്കുന്നതായി കാണുന്നില്ല.<br><br>ഇൻഡ്യൻ ഭരണഘടനയുടെ 7-ാം ഷെഡ്യൂൾ ലിസ്റ്റ് I (യൂണിയൻ ലിസ്റ്റ്)- ഇനം 91-ൽ ഉൾപ്പെട്ട Bill of Exchange, Cheque, Promisory Note, Debunture, Bills of Lading , Letter of Credit, Policies of Insurance, Proxy, Reciept എന്നീ കരണങ്ങളുടെ മുദ്രവില നിരക്ക് നിശ്ചയിക്കുവാൻ കേന്ദ്ര സർക്കാരിന് മാത്രമേ അധികാരമുള്ളൂ. ആയതിനാൽ പ്രസ്തുത വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം ആവശ്യമാണ്. |

| | | | |
|---|---|---|---|
| (സി) | നിലവിൽ ഇത്തരത്തിൽ ഒരു തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട സർക്കുലറിന്റെയോ നിർദ്ദേശത്തിന്റെയോ ഉത്തരവിന്റെയോ പകർപ്പ് ലഭ്യമാക്കുമോ? | (സി) | നിലവിൽ ഇത്തരത്തിൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ